ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 152–ാം ദിവസം

അലം തേ നിരപേക്ഷായ പൂർണ്ണകാമ നമോ∫സ്തുതേ
മഹാ വിഭൂതിപതയേ നമ: സകലസിദ്ധയേ (6–19–4)
യഥാ ത്വം കൃപയാ ഭൂത്യാ തേജസാ മഹിനൌജസാ
ജുഷ്ട ഈശ ഗുണൈ: സർവൈസ്തതോ∫സി ഭഗവാൻ പ്രഭു: (6–19–5)
വിഷ്ണു പത്നി മഹാമായേ മഹാപുരുഷലക്ഷണേ
പ്രീയേഥാ മേ മഹാഭാഗേ ലോകമാതർന്നമോ∫സ്തുതേ (6–19–6)
ഓം നമോ ഭഗവതേ മഹാപുരുഷായ മഹാനുഭാവായ മഹാവിഭൂതിപതയേ
സഹ മഹാവിഭൂതിഭിർബലിമുപഹരാണീതി. അനേനാഹരഹർമ്മന്ത്രേണ
വിഷ്ണോരാവാഹനാർഘ്യപാദ്യോപസ്പർശന സ്നാന
വാസഉപവീതവിഭൂഷണഗന്ധപുഷ്പധൂപദീപോപഹാരാ
ദ്യുപചാരാംശ്ച സമാഹീത ഉപാഹരേത് (6–19–7)

പരീക്ഷിത്തിൻെറ അഭ്യർത്ഥന പ്രകാരം പുംസവനവ്രതത്തെക്കുറിച്ച് ശുകമുനി വിശദീകരണം തുടർന്നു: മാർഗ്ഗശീർഷമാസത്തിലെ വെളുത്തപക്ഷത്തിലെ ആദ്യദിനം ഭാര്യ വ്രതമാരംഭിക്കണം. എന്നിട്ട് ഇങ്ങിനെ ചൊല്ലി ആവർത്തിച്ച് പ്രാർത്ഥിക്കണം. “ആശാരഹിതനും കരുണ, ഐശ്വര്യം, ശക്തി എന്നിവയുടെ വിളനിലവുമായി വിളങ്ങുന്ന ഭഗവാനു നമസ്കാരം. മഹാവിഷ്ണുവിൻെറ സഹധർമ്മിണിയായ ദേവിക്കു നമസ്കാരം. എന്നിൽ ഭഗവൽ പ്രീതിയുണ്ടാകുമാറാകട്ടെ. അനന്തമായ വീര്യത്തിനുടമയായ ഭഗവാനെ ഞാൻ ആരാധിക്കുന്നു.” ആചാരക്രമത്തിലുള്ള പൂജാവിധികളോടെയും, പ്രാർത്ഥനയോടെയും, കുളി, വേഷം എന്നിവയിലെ ശ്രദ്ധയോടും കൂടി അവൾ ഭഗവാനെ ആരാധിക്കണം. അതുകഴിഞ്ഞ് ഭഗവാനു സമർപ്പിച്ച ആഹാരാംശം പന്ത്രണ്ടു തവണ യാഗാഗ്നിയിൽ അർപ്പിച്ച് “*ഓം നമോ ഭഗവതേ മഹാപുരുഷായ മഹാ വിഭൂതി പതയേസ്വാഹാ*” എന്ന മന്ത്രം ഉരുക്കഴിക്കണം. ഈ മന്ത്രം പത്തു തവണ ആവർത്തിച്ചശേഷം ഇനി പറയുന്ന സ്തോത്രം ചൊല്ലണം.

യുവാംതു വിശ്വസ്യ വിഭൂ ജഗത: കാരണം പരം
ഇയം ഹി പ്രകൃതി: സൂക്ഷ്മാ മായാശക്തിർദുരത്യയാ (6–19–11)
തസ്യാ അധീശ്വര: സാക്ഷാത്ത്വമേവ പുരുഷ: പര:
ത്വം സർവയജ്ഞ ഇജ്യേയം ക്രിയേയം ഫലഭുഗ്വാൻ (6–19–12)
ഗുണവ്യക്തിരിയം ദേവീ വ്യഞ്ജകോ ഗുണ ഭുഗ്വാൻ
ത്വംഹി സർവ ശരീര്യാത്മാ ശ്രീ: ശരീരേന്ദ്രിയാശയാ
നാമരൂപേ ഭഗവതീ പ്രത്യയസ്ത്വമപാശ്രയ: (6–19–13)
യഥാ യുവാം ത്രിലോകസ്യ വരദൌ പരമേഷ്ഠിനൌ
തഥാ മ ഉത്തമ ശ്ലോക സന്തു സത്യാ മഹാ ശിഷ: (6–19–14)

“ഭഗവാൻ വിഷ്ണു, മഹാലക്ഷ്മീദേവി, അവിടുന്നുരണ്ടാളുമാണീ വിശ്വത്തിൻെറ മുഴുവൻ ആത്മാവും ശരീരവും. അവിടുന്ന് ഭക്തരുടെ ആഗ്രഹങ്ങൾ മുഴുവനും വരമായി നൽകുന്നു. എൻെറയും ആഗ്രഹത്തെ നിവൃത്തിച്ചു തന്നാലും.” പുംസവനമനുഷ്ടിക്കുന്ന സ്ത്രീ തൻെറ ഭർത്താവിനെയും അദ്ദേഹത്തിൽ ഭഗവൽഭാവംകണ്ട് സേവിക്കണം. ഭാര്യയോ ഭർത്താവോ ആരെങ്കിലുമൊരാൾ ഈ വ്രതമനുഷ്ഠിക്കുന്ന പക്ഷം രണ്ടു പേർക്കും ഫലസിദ്ധിയുണ്ടാവുന്നതാണ്. ഇങ്ങിനെ ഒരു വർഷം വ്രതമാചരിച്ചശേഷം അവസാന ദിവസം ഭാര്യ ഉപവസിക്കണം. ഭർത്താവ് പാലിൽ തിളപ്പിച്ച ചോറ് നെയ്യും ചേർത്ത് അർപ്പിക്കണം. എന്നിട്ട് ഭർത്താവ് ഭക്ഷണം കഴിക്കുകയും, ഭാര്യയെ ഊട്ടുകയും ചെയ്യണം. ഈ വ്രതാനുഷ്ഠാനം കൊണ്ട് ഒരുവന് ഇച്ഛാനുസരണം ഫലസിദ്ധിയുണ്ടാവുന്നു. ഇത് ഭാര്യക്കും ഏറെ ഫലപ്രദമാണ്. ദീർഘസുമംഗലീ ഭാഗ്യവും അവൾക്ക് ലഭ്യമത്രെ.